# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3172    21/06/2013 ലെ മറുപടിക്ക്*

**ലൈബ്രേറിയൻ പി. കുഞ്ഞികൃഷ്ണന്റെ സ്ഥലംമാറ്റം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ); | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) |
| (എ) | കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്ത് വക കസ്തൂർബാ ഗ്രന്ഥശാല യിലെ ലൈബ്രേറിയൻ പി.കുഞ്ഞികൃഷ്ണനെ സ്ഥലം മാറ്റിയിട്ടുണ്ടോ ; | (എ) | ഇല്ല. സ്ഥലം മാറ്റാൻ പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07/05/2013 ലെ ഒ.എ നമ്പർ 876/2013 ഉത്തരവ് പ്രകാരം ടി സ്ഥലംമാറ്റം താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളതാണ്. |
| (ബി) | പി . കുഞ്ഞി കൃഷ്ണനെ സ്ഥലം മാറ്റാൻ ഉണ്ടായ കാരണമെന്ത്; സ്ഥലം മാറ്റം നൽകുന്നതിന് മുൻപ് നോട്ടീസ് നൽകിയിരുന്നോ ; | (ബി) | കാസർഗോഡ് ജില്ലയിലെ മൂളിയാർ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണ ത്തിലുള്ള കസ്തൂർബാ ഗ്രന്ഥശാല യിലെ മുഴുവൻ സമയ ലൈബ്രേറിയ നായ ശ്രീ.പി. കുഞ്ഞികൃഷ്ണൻ സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്ത നം നടത്തുകയും, അധിക സമയവും ലൈബ്രറി അടിച്ചിടുകയും, വൈകു ന്നേരങ്ങളിൽ ചുരുങ്ങിയ സമയം മാത്രമേ ലൈബ്രറി തുറക്കാറുള്ളൂവെ ന്നും, തുടങ്ങിയ പരാതിയുടെ അടി സ്ഥാനത്തിൽ നടത്തിയ അന്വേഷ ണ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സ്ഥലം മാറ്റി യത് എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വകുപ്പുതല സ്ഥലം |

| | | | |
|---|---|---|---|
| | | | മാറ്റത്തിന് നോട്ടീസ് നൽകേണ്ട ആവശ്യമില്ല. |
| (സി) | പി . കുഞ്ഞികൃഷ്ണനെ ആരുടെ പരാതി പ്രകാര മാണ് സ്ഥലംമാറ്റിയത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ | (സി) | മൂളിയാർ പഞ്ചായത്ത് യു.ഡി. എഫ് കമ്മിറ്റി ചെയർമാൻ ശ്രീ. കെ.ബി. മുഹമ്മദ്കുഞ്ഞിയുടെ പരാതി പ്രകാരം. പകർപ്പ് ഉള്ളടക്കം ചെയ്യു ന്നു. |
| (ഡി) | പരാതി അന്വേഷിക്കുന്നതി നായി ഏതെങ്കിലും ഉദ്യോഗ സ്ഥനെ നിയമിച്ചിരുന്നോ ; ഈ അന്വേഷണ ഉദ്യോഗ സ്ഥൻ ആരുടെയൊക്കെ മൊഴിയാണ് രേഖപ്പെടുത്തി യി ട്ടുള്ളത്; ഇവരുടെ പേരും മേൽ വിലാസവും ലഭ്യമാക്കു മോ; | (ഡി) | പഞ്ചായത്ത് ജോയിന്റ് ഡയറക്ടറെ നിയമിച്ചിരുന്നു.<br>താഴെപ്പറയുന്നവരുടെ മൊഴികൾ രേഖ പ്പെടുത്തിയിട്ടുണ്ട്.<br>1) എം.ചന്ദ്രൻ, സെക്രട്ടറി (റിട്ടയേർഡ്)<br>(മാതളത്ത്, ഷിംനാ, ബാവോട്, മക്കേരി വില്ലേജ്, കണ്ണൂർ)<br>2) ജോയിതോമസ്, ഹെഡ്ക്ലാർക്ക് (മീഞ്ച ഗ്രാമ പഞ്ചായത്ത്, കാസറഗോഡ്)<br>3) പി.കുഞ്ഞിക്കൃഷ്ണൻ, ലൈബ്രേറിയൻ<br>(കസ്തൂർബാ ലൈബ്രറി, മൂളിയാർ ഗ്രാമ പഞ്ചായത്ത്) |
| (ഇ) | പഞ്ചായത്ത് പ്രസിഡന്റി ന്റെയോ സെക്രട്ടറിയുടെ യോ മൊഴി രേഖപ്പെടുത്തി യിട്ടുണ്ടോ; തെറ്റായ പരാതി യിൽ എടുത്ത സ്ഥലം മാറ്റം റദ്ദു ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശ ങ്ങൾ വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. സെക്രട്ടറിയുടെ മൊഴി രേഖ പ്പെടുത്തിയിരുന്നു. പ്രസ്തുത സ്ഥലം മാറ്റം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ചെയ്തിരിക്കുക യാണ്. ഇക്കാര്യം ബഹു. അഡ്മിനി സ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണന യിലായതിനാൽ അന്തിമ ഉത്തരവനു സരിച്ച് മാത്രമേ ടി വിഷയത്തിൽ തീരുമാനം കൈക്കൊള്ളാനാകൂവെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചി ട്ടുണ്ട്. |

സെക്ഷൻഓഫീസർ

# UNITED DEMOCRATIC FRONT (U.D.F.)
## MULIYAR PANCHAYATH COMMITTEE
BOVIKANAM, P.O, MULIYAR, KASARAGOD DIST - 671542

To
Dr. M.K. Muneer
Hon'ble Minister for Panchayath
Govt. of Kerala
Thiruvananthapuram

003404

വിഷയം: കാസർഗോഡ് മുളിയാർ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കസ്തൂർബാ ഗ്രന്ഥാലയ
ത്തിലെ മുഴുവൻ സമയ ലൈബ്രേറിയൻ കെ. കുഞ്ഞികൃഷ്ണനെക്കുറിച്ചുള്ള പരാതിയെ സംബന്ധിച്ച്

കാസർഗോഡ് ജില്ലയിൽ മുളിയാർ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കസ്തൂർബാ ഗ്രന്ഥാലയ
ത്തിലെ മുഴുവൻ സമയ ലൈബ്രേറിയനായ കെ. കുഞ്ഞികൃഷ്ണൻ സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി മുഴു
വൻ സമയ രാഷ്ട്രീയ പ്രവർത്തനം നടത്തുകയും സി.പി.എം ഓഫീസിൽ ഇരിക്കുകയും ചെയ്യുകയാണ്. അ
ധിക സമയവും ലൈബ്രറി അടച്ചിട്ടിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. വൈകുന്നേരങ്ങളിൽ ആകെ
ചുരുങ്ങിയ സമയം മാത്രമേ ലൈബ്രറി തുറക്കാറുള്ളൂ. രാത്രി 8 മണി കഴിഞ്ഞാൽ ലൈബ്രറി തുറന്ന് അതിനക
ത്തിരുന്ന് പുറമെയുള്ള ചില ആളുകളെ കൂട്ടി മദ്യപിക്കുകയും ബഹളം വെക്കുകയും ചെയ്യുന്നത് പതിവാണ്.
ലൈബ്രേറിയിൽ സ്ഥിരം സിഗരറ്റ് കുറ്റിയും മദ്യക്കുപ്പിയുടെ അവശിഷ്ടങ്ങളും കാണാം. വിദ്യാർത്ഥിനികളും
മഹിളകളും ലൈബ്രേറിയിൽ വന്നാൽ ദ്വയാർത്ഥ പ്രയോഗത്തിലൂടെ അശ്ലീലം പറയുന്നതായി വിദ്യാർത്ഥിനികൾ
രക്ഷിതാക്കളോട് പരാതി പറയുകയും രക്ഷിതാക്കൾ പല പ്രാവശ്യം ഈ വ്യക്തിയെ കൈകാര്യം ചെയ്യുകയും
ചെയ്തിട്ടുണ്ട്.

16 വർഷം തുടർച്ചയായി മുളിയാർ ഗ്രാമ പഞ്ചായത്തിൽ ലൈബ്രേറിയനായ ഇദ്ദേഹം ഗവൺമെന്റിനെ
വെല്ലുവിളിക്കുകയും യു.ഡിയഎഫ് പ്രവർത്തകരെയും ഗ്രാമ പഞ്ചായത്ത് യു.ഡി.എഫ് മെമ്പർമാരെയും
അസഭ്യം പറയുകയും ചെയ്യുന്നത് പതിവാക്കിയിരിക്കുകയാണ്. ലൈബ്രേറിയിൽ എല്ലാ ദിനപത്രങ്ങളും വരു
ന്നുണ്ടെങ്കിലും ദേശാഭിമാനി മാത്രമാണ് വായനശാലയിൽ വായിക്കാൻ നൽകുന്നത്. ലൈബ്രേറിയിൽ അംഗമാ
കുന്നവർ അംഗത്വ ഫീസ് അടച്ചാൽ രശീതി നൽകാറില്ല.

സർവ്വീസ് ചട്ടങ്ങളെ ലംഘിച്ച് ഭരണസംവിധാനത്തെ വെല്ലുവിളിക്കുന്ന നീചനായ ഇദ്ദേഹത്തെ സർവ്വീ
സിൽ നിന്നും നടപടിക്ക് വിധേയമാക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

എന്ന്
വിശ്വസ്തതയോടെ

കെ. ബി മുഹമ്മദ് കുഞ്ഞി
(ചെയർമാൻ, യു. ഡി. എഫ് കമ്മിറ്റി)

01.11.2012
ബോവിക്കാനം

OFFICE OF THE MINISTER FOR PANCHAYATS & SOCIAL WELFARE GOVT. SECT. TVPM.
DIRECTOR OF PANCHAYATS THIRUVANANTHAPURAM

Sub Section Officer